ഉത്തരം

(എ) 1990നുശേഷം മിനിമം വേതനം ഏർപ്പെടുത്തിയിട്ടുള്ള മേഖലകൾ താഴെ ചേർക്കുന്നു:-

1. മെഡിക്കൽ ഷോപ്പുകളിലെ ഫാർമസിസ്റ്റുകൾ.
2. കാർഷിക മേഖല.
3. കമുകുകയറ്റവും ഡയറി ഫാമുകളും
4. ടിംബർ ആന്റ് പ്ലൈവുഡ്
5. കള്ളുചെത്തു വ്യവസായം
6. കൊപ്രാ വ്യവസായം
7. ബീഡി ആന്റ് സിഗാർ വ്യവസായം
8. പ്രിന്റിംഗ് പ്രസ്സ്
9. ഹാന്റിലിംഗ് ആന്റ് കെയർ ഓഫ് എലിഫന്റ്സ്
10. റൈസ്മിൽ, ഫ്ളവർ മിൽ, ദാർമിൽ
11. ഐസ് ഫാക്ടറികൾ
12. തീപ്പെട്ടി വ്യവസായം
13. ഹോസ്റ്റലുകൾ
14. ബ്രിക്സ് നിർമ്മാണം
15. മലഞ്ചരക്ക് വ്യവസായം
16. പ്ലാന്റേഷൻസ്
17. മൈനർ പോർട്ട്സ്
18. റബ്ബർ പ്രോഡക്ട്സ്
19. കടകളും വാണിജ്യസ്ഥാപനങ്ങളും
20. റബ്ബർ ക്രേപ്പ് മില്ലുകൾ
21. മൈനർ എഞ്ചിനീയറിംഗ്
22. ഫിഷ് പീലിംഗ്, ഫിഷ് ക്യാനിംഗ്
23. കൈത്തറി വ്യവസായം
24. കശുവണ്ടി മേഖല
25. ഓയിൽ മില്ലുകൾ
26. എൽ.പി. ഗ്യാസ് (പാചകവാതകം) ഏജൻസികൾ

(ബി) ഇപ്പോഴത്തെ വ്യവസായ പ്രതിസന്ധി കാരണം കയർ നിർമ്മാതാക്കൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം നൽകുവാൻ ബുദ്ധിമുട്ടുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

91 (2782) തൊഴിലാളികൾക്ക് ഭവന പദ്ധതി

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള കശുവണ്ടി തൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് ഭവന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു രീതിയിലാണ് ഭവന പദ്ധതി നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ തീരുമാനത്തിന് വിധേയമായിട്ടാണോ കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് ഈ ആവശ്യത്തിന് അപേക്ഷ ക്ഷണിച്ചത്; അപേക്ഷ ക്ഷണിച്ചത് എന്നാണ്;

(ഡി) വീട് വയ്ക്കുന്നതിന് ധനസഹായത്തിനായി എത്ര അപേക്ഷ ബോർഡിൽ ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) സർക്കാർ തീരുമാനമില്ലാതെയും പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിക്കാതെയുമാണ് കശുവണ്ടി തൊഴിലാളികളിൽ നിന്ന് ക്ഷേമ ബോർഡ് വീട് വച്ചു നൽകുന്നതിന് അപേക്ഷ സ്വീകരിച്ചതെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇപ്പോൾ ക്ഷേമബോർഡിൽ ലഭിച്ച അപേക്ഷകളിന്മേൽ എന്നു മുതൽ സഹായമനുവദിച്ചു നൽകുമെന്ന് വെളിപ്പെടുത്തുമോ;

(ജി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) അപേക്ഷ ക്ഷണിച്ചിട്ടില്ല.

(ഡി),(ഇ),(എഫ്)&(ജി) ഉദിക്കുന്നില്ല.

92 (2783) തൊഴിലാളി ക്ഷേമനിധിയിലേക്ക് അംശദായം

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ഏതെല്ലാം തൊഴിലാളി ക്ഷേമനിധിയിലേക്ക് അംശദായമോ ഗ്രാന്റോ നൽകുന്നുണ്ട്;

(ബി) തൊഴിലാളി ക്ഷേമനിധിയിലേക്ക് അംശദായമോ ഗ്രാന്റോ നൽകുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്;

(സി) ഇപ്പോൾ ഓരോ തൊഴിലാളി ക്ഷേമനിധിയിലേക്കും നൽകുന്ന അംശദായമോ ഗ്രാന്റോ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതെങ്കിലും ക്ഷേമനിധിയിലേക്ക് കൊടുക്കേണ്ടതായ അംശദായമോ ഗ്രാന്റോ കുടിശ്ശികയായിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തിനെല്ലാമാണ് കുടിശ്ശിക വന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly